"ഭരണ ഭാഷ – മാതൃഭാഷ"

നം:ഇ1/530/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം, തീയതി : 29.06.2018

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപകേന്ദ്രം,
കൊല്ലം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, എറണാകുളം.

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം – എയ്ഡഡ് കോളേജുകൾ - അനദ്ധ്യാപക വിഭാഗം – ടെസ്റ്റ് പാസാകാത്ത ലാബ് / ലൈബ്രറി അസിസ്റ്റന്റുമാരുടെ – തരംതാഴ്ത്തൽ - സംബന്ധിച്ച്.

സൂചന :- 20.04.2018-ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്ത്

* * *

താങ്കളുടെ അധികാര പരിധിയിൽ വരുന്ന എയ്ഡഡ് കോളേജുകളിൽ നിലവിൽ തുടർച്ചയായ അഞ്ച് അവസരങ്ങൾ ലഭിച്ചിട്ടും കേരളാ പി.എസ്.സി. നടത്തുന്ന അറ്റൻഡർ പരീക്ഷ പാസാകാതെ ലാബ്/ലൈബ്രറി അസിസ്റ്റന്റുമാരായി സേവനത്തിൽ തുടരുന്നവരുടെ പേരു വിവരങ്ങൾ അടിയന്തിരമായി അറിയിക്കേണ്ടതാകുന്നു. കൂടാതെ തരംതാഴ്ത്തലുമായി ബന്ധപ്പെട്ട് ഏതെങ്കിലും എയ്ഡഡ് കോളേജ് ജീവനക്കാർ താത്ക്കാലികമായി സ്റ്റേ ഓർഡർ സമ്പാദിച്ചിട്ടുണ്ടെങ്കിൽ ആയത് വെക്കേറ്റ് ചെയ്യുന്നതിനും അപ്പീൽ ഫയൽ ചെയ്യുന്നതിനും ഉള്ള നടപടി സ്വീകരിക്കേണ്ടതാകുന്നു. വിരമിച്ച ജീവനക്കാർ സമർപ്പിക്കുന്ന പെൻഷൻ പ്രൊപ്പോസലിൽ യഥാസമയം നടപടി സ്വീകരിച്ച് പെൻഷൻ അനുവദിക്കേണ്ടതുമാകുന്നു. വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ വൈകിപ്പിക്കുന്നത് നിയമ വിരുദ്ധമായതിനാൽ പ്രൊവിഷണൽ പെൻഷൻ ആദ്യം അനുവദിക്കുന്നതിനും അവസാന ശമ്പളം തരം താഴ്ത്തലിനു വിധേയമായി പരിഷ്ക്കരിച്ച് പെൻഷൻ പ്രൊപ്പോസൽ പുനഃസമർപ്പിക്കുന്ന മുറയ്ക്ക് അർഹമായ പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാകുന്നു.

വിശ്വസ്തതയോടെ,

ഡോ.ഡി.കെ.സതീഷ്,
ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി
04712303107
dd.colledn@kerala.gov.in

പകർപ്പ്:-

സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ഇ-മെയിൽ അയയ്ക്കുന്നതിനും വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)

159884
GOVERNMENT OF KERALA 2017-18